**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2253** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് പ്രവർത്തന മാനദണ്ഡമായിട്ടുണ്ടോ; അധികാര വികേന്ദ്രീകരണത്തിന്റെ നാളുകളിൽ ജനസംവിധാനം അധികാര കേന്ദ്രീകരണത്തിന് വഴിവയ്ക്കുകയില്ലേ; വ്യക്തമാക്കാമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഫങ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിനുള്ള രൂപരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണം പൂർണ അർത്ഥത്തിൽ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സംവിധാനവും ശക്തിപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ സജ്ജമാക്കുക എന്നതാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കഴിയും.ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പര പൂരകത്വം ഉറപ്പാക്കുന്നതിനും കഴിയും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതോടെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കാൻ കഴിയും.<br>ത്രിതലപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഉദ്യോഗസ്ഥർ ഒറ്റ വകുപ്പിലായിത്തീരുന്നതോടെ എല്ലാ തദ്ദേശ സ്ഥാപന അദ്ധ്യക്ഷന്മാർക്കും ഇവരുമായി വകുപ്പ് |

| | | | |
|---|---|---|---|
| | | | ഭേദമില്ലാതെ ഇടപെടാൻ കഴിയുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് അവരുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്നതുമാണ്. |
| (ബി) | വകുപ്പുകളുടെ ഏകോപനത്തിലൂടെ പൊതുജനങ്ങൾക്ക് എന്തുതരം സേവനമാണ് അധികമായി ലഭിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | വ്യത്യസ്ത തലങ്ങളിലായി നിൽക്കുന്ന അഞ്ചു വകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണരംഗത്തും ആസൂത്രണത്തിലും ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും. ഗ്രാമപഞ്ചായത്തിലും, ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും ഉള്ള ജീവനക്കാർ ഒരേ വകുപ്പിനു കീഴിൽ ആവുന്നതോടെ സേവന, വികസന പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റം ജനങ്ങൾക്ക് അനുഭവവേദ്യമാകും. വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് അനിവാര്യമാണ്. ഇത്തരം ഏകോപനം തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലൂടെ സാധ്യമാകുന്നതാണ്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചു കൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര വികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കുന്നതിനും കഴിയും. |
| (സി) | തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ | (സി) | തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ |

| | | | |
|---|---|---|---|
| | ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളെ ഇക്കാര്യം എങ്ങനെ ബാധിക്കും എന്ന് വ്യക്തമാക്കാമോ; | | വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ കേരള സർവ്വീസ് റൂൾസ് (KSR) അനുസരിച്ച് തന്നെ ആയിരിക്കുന്നതാണ്. |
| (ഡി) | ലോക്കൽ ഡെവലപ്പ്മെന്റ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ച കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ഡി) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിരുന്നു. ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ തയാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവീസിന്റെയും സബോർഡിനേറ്റ് സർവീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22.12.2020-ൽ പ്രസിദ്ധീകരിച്ചു. 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സർവ്വീസ് സംഘടനകളുമായി വെർച്ചൽ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റിയോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19.07.2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules)പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ലേക്കൽ ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഇതുവരെയുള്ള സർക്കാർ ചെലവ് എത്രയെന്ന് വിശദമാക്കാമോ; | (ഇ) | ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ സർക്കാർ ചെലവ് ചുവടെ ചേർക്കും പ്രകാരമാണ്. (i) വേതനം (07/2016 മുതൽ 06/2021 വരെ) 1. ചെയർമാൻ - 49,40,000/- (ഓണറേറിയം +വീട്ടുവാടക) 2. ചെയർമാൻ (യാത്രാപടി) - 55,605/- 3. മെമ്പർ 1 - |

| | | | |
|---|---|---|---|
| | | | 26,51,666/- (ഓണറേറിയം) 4. കൺസൾട്ടന്റ് -3 - 46,29,246/- (ഓണറേറിയം) 5. ദിവസവേതനം - 36,71,395/- (ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ, സ്വീപ്പർ ഓഫീസ് അറ്റൻഡന്റ്,) ആകെ - 1,59,47,912/- (ii) ഓഫീസ് ചെലവുകൾ (ടെലഫോൺ/ഇന്റർനെറ്റ്, ഇന്ധനചെലവ്, വാഹന അറ്റകുറ്റപ്പണി, സ്റ്റേഷനറി, പ്രിന്റിംഗ്, ഫോട്ടോകോപ്പി മെഷീൻ തുടങ്ങിയവ) (07/2016 മുതൽ 06/2021 വരെ) : 5,20,169/-രൂപ |
| (എഫ്) | പ്രസ്തുത കമ്മീഷനിൽ ആരെല്ലാമാണ് സർക്കാർ ഉദ്യോഗസ്ഥരല്ലാതെ ഉള്ളത്; ഈ അംഗങ്ങളുടെ ശമ്പളം, ടി.എ., ഡി.എ. മറ്റ് അലവൻസുകളടക്കം വിശദമാക്കാമോ; | (എഫ്) | ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ സർക്കാർ ഉദ്യോഗസ്ഥരല്ലാതെ ചെയർമാൻ, മെമ്പർ, കൺസൾട്ടന്റുമാർ, എന്നിവർ ഓണറേറിയം വ്യവസ്ഥയിലും ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ, ഓഫീസ് അറ്റന്റന്റ്, സ്വീപ്പർ എന്നിവർ ദിവസവേതന വ്യവസ്ഥയിലും ജോലിചെയ്തുവരുന്നു. ചെയർമാന് പ്രതിമാസം 75,000/-രൂപ ഓണറേറിയമായും 10,000/- രൂപ വീട്ടുവാടക ഇനത്തിലും അനുവദിച്ചിട്ടുണ്ട്. കമ്മീഷനിൽ ഒരു മെമ്പറാണ് ഉള്ളത് മെമ്പർക്ക് ഓണറേറിയം അനുവദിച്ചിരിക്കുന്നത് പ്രതിമാസം 50,000/- രൂപ നിരക്കിലാണ്.വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരായ മൂന്നു കൺസൾട്ടന്റുമാർക്ക് പ്രതിമാസം 33,925/- രൂപ നിരക്കിൽ ഓണറേറിയമായി അനുവദിച്ചുവരുന്നു. 11.02.2021-ലെ സ.ഉ.(അച്ചടി) നം.29/2021/ധന നമ്പർ ഉത്തരവിൽ അനുവദിച്ച പ്രകാരം ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ, ഓഫീസ് അറ്റന്റന്റ്, സ്വീപ്പർ എന്നിവർക്ക് ദിവസവേതനം അനുവദിച്ച് വരുന്നു. |
| (ജി) | ഈ കമ്മീഷന്റെ കാലാവധി നീട്ടിയിട്ടുണ്ടോ; കമ്മീഷന്റെ കാലാവധി അനന്തമായി നീട്ടികൊണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ജി) | ഉണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ കൂടി സഹകരണത്തോടു കൂടിയാണ് നടത്തിവരുന്നത് എന്നതിനാൽ കമ്മീഷന്റെ കാലാവധി GO(MS)No.173/2021/ തസ്വഭവ തീയതി 11/08/2021 നമ്പർ ഉത്തരവിലൂടെ 28/12/2021-വരെ ദീർഘിപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ